മാതൃഭൂമി

13 January 2018

# രാജ്യാന്തര സഫാരി സമ്മേളനം 15-ന് തുടങ്ങും

**കൊച്ചി▸** ഉപഗ്രഹവിദ്യകൾ മത്സ്യമേഖലയിലേക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) സംഘടിപ്പിക്കുന്ന രണ്ടാമത് രാജ്യാന്തര സഫാരി (സൊസൈറ്റൽ ആപ്ലിക്കേഷൻസ് ഇൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ യൂസിങ് റിമോട്ട് സെൻസിങ് ഇമേജറി) സമ്മേളനം 15-ന് തുടങ്ങും.

മൂന്ന് ദിവസത്തെ സമ്മേളനത്തിൽ മത്സ്യമേഖലയിലെ വിവിധ പദ്ധതികൾക്കായി ഉപഗ്രഹ വിവരങ്ങൾ ഉപയോഗിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കും.

15-ന് രാവിലെ 10ന് കേന്ദ്ര കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. ത്രിലോചൻ മഹാപത്ര ഉദ്ഘാടനം ചെയ്യും. ഐ.സി.എ.ആർ. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിക്കും.

അവസാന ദിവസമായ 17-ന് രാവിലെ 10.30ന് ദുരന്തനിവാരണത്തെക്കുറിച്ചുള്ള ചർച്ചയിൽ ഫിഷറീസ് മന്ത്രി ജെ. മെഴ്സിക്കുട്ടിയമ്മ മുഖ്യാതിഥിയാകും.

15 മുതൽ 17 വരെ മത്സ്യ-ഭക്ഷ്യ-കാർഷിക വിപണന മേള സി.എം.എഫ്.ആർ.ഐയിൽ നടക്കും.

മീനും കടൽ ഭക്ഷ്യവിഭവങ്ങളും കഴിക്കാൻ അവസരമുണ്ട്. പൊക്കാളി അരി, പൊക്കാളി പുട്ടുപൊടി, വിവിധയിനം സുഗന്ധവ്യഞ്ജനങ്ങൾ, ട്യൂണ ഓയിൽ, സംസ്കരിച്ച ട്യൂണ, ട്യൂണ അച്ചാർ, ശീതീകരിച്ച ചെമ്മീൻ, ഓയിസ്റ്റർ വിഭവങ്ങൾ, ജൈവ പച്ചക്കറി തുടങ്ങി അനേകം ഉത്പന്നങ്ങൾ മേളയിൽ ലഭ്യമാകും. സമുദ്ര അലങ്കാര മത്സ്യങ്ങളുടെ ശേഖരങ്ങളുള്ള മറൈൻ അക്വേറിയവും കാണാം. പ്രവേശനം സൗജന്യമാണ്.